മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

സോഷ്യൽ ഓഡിററ് സൊസൈററി, കേരള.

ആലപ്പുഴ ജില്ല

സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

1/10/2019-31/03/2019

ബ്ലോക്ക് :കഞ്ഞിക്കുഴി

ഗ്രാമ പഞ്ചായത്ത് :കടക്കരപ്പള്ളി

വാർഡ് :9

<u>ഉള്ളടക്കം</u>

1. സോഷ്യൽ ഓഡിറ്റ്..3

2. പ്രവർത്തികൾ..4

3. 7 രജിസ്റ്ററുകൾ..6

4. ഫയൽ പരിശോധന..7

5. ഫീൽഡ് പരിശോധന..11

6. അവകാശ നിഷേധങ്ങൾ..................................18

7. നിരീക്ഷണങ്ങളും കണ്ടെത്തലുകളും............18

8. ഏറ്റെടുക്കാവുന്ന പ്രവർത്തികൾ...................19

9. ഗ്രാമസഭ മിനുട്സ്...20

സോഷ്യൽ ഓഡിറ്റ്

ഒരു ഗവൺമെൻറ് പദ്ധതിയുടെ നടത്തിപ്പിലൂടെ അവയുടെ പ്രഖ്യാപിത ലക്ഷ്യം എത്രത്തോളം കൈവരിക്കാൻ സാധിച്ചുവെന്നും അതിലൂടെ ഉണ്ടായ സാമൂഹ്യനേട്ടവും, പ്രശസ്തിയും എത്രമാത്രം ആണെന്ന് പൊതുസമൂഹം നേരിട്ട് നടത്തുന്ന അന്വേഷണവും,കണക്കെടുപ്പും,പരിശോധനയും, വിലയിരുത്തലുമാണ് സോഷ്യൽ ഓഡിറ്റ്.പൊതുസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും പൊതുപദ്ധതികളുടെ നടത്തിപ്പും ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ നടപ്പാക്കുന്നതിനും പൊതുഭരണം ജന സൌഹാർദ്ദപരം ആക്കുന്നതിനും വേണ്ടിയുള്ള ജാഗ്രതയാണ് സോഷ്യൽ ഓഡിറ്റ്.

മറ്റ് പദ്ധതികളിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയെ വ്യത്യസ്തം ആക്കുന്നത് സോഷ്യൽ ഓഡിറ്റാണ്. തൊഴിലുറപ്പ് നിയമത്തിന്റെ 17(2) വകുപ്പിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുത്ത എല്ലാ പ്രവർത്തികളും 6 മാസത്തിലൊരിക്കൽ സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കേണ്ടതാണ്.സോഷ്യൽ ഓഡിറ്റിനുവേണ്ട സൌകര്യങ്ങൾ ചെയ്യുതുകൊടുക്കുക, രജിസ്റ്ററുകളും റെക്കോഡുകളും ലഭ്യമാക്കുക എന്നിവ ഗ്രാമപഞ്ചായത്തിൻറെ ചുമതലകളാണ്.

മഹാത്മാഗാന്ധി ദേശിയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ സുഗമവും, സുതാര്യവുമായി സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ് (as per G.O (Rt) No.3906/2015/LSGD,Dated 30.12.2015) 31.01.2017 ൽ നിലവിൽ വന്നു.യൂണിറ്റ് ട്രാവൻകൂർ കൊച്ചിൻ ചാരിറ്റബിൾ സൊസൈറ്റി നിയമം 1955(No.TVM/TC/123/2017) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

കടക്കരപ്പള്ളി പഞ്ചായത്ത് w-6 ൽ 1/10/2018 മുതൽ 31/03/2019 വരെ പൂർത്തീകരിച്ച 17 പ്രവർത്തികളാണ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയിട്ടുള്ളത്.

സോഷ്യൽ ഓഡിററിന് വിധേയമാക്കിയ പ്രവർത്തികൾ

ക്രമ നം ബർ	പ്രവർത്തിയുടെ പേരും കോഡും	ആരംഭിച്ച തിയതി	അവസാനിച്ച തിയതി	എസ്ററിമേററ് തുക	ചെലവായ തുക
1.	കാലിത്തൊഴുത്തു നിർമ്മാണം(യമുന എസ് പിള്ള) IF/367257	04/10/2018	05/06/2019	1,29247/-	1,27344/-
2.	കാലിത്തൊഴുത്തു നിർമ്മാണം (ജഗദമ്മ, ഗായത്രിഭവനം) IF/365094	11/10/2018	21/02/2019	1,25759/-	1,23752/-
3.	കാലിത്തൊഴുത്തു നിർമ്മാണം(ഷിനീഷ്, ചിറയിൽ) IF/367915	09/11/2018	31/01/2019	1,29247/-	1,27344/-
4.	ലൈഫ് ഭവന പദ്ധതി(ചെല്ലമ്മ,പടിയത്ത് ചിറ) IF/365592	30/10/2018	24/06/2019	27,390/-	24,390/-
5.	ലൈഫ് ഭവന പദ്ധതി(പ്രിയമ്മ,അറുകുല പറമ്പ്) IF/354529	04/10/2018	08/05/2019	27,390/-	24,390/-
6.	ലൈഫ് ഭവന പദ്ധതി (പുഷ്പവല്ല്ലി,പഴുക്കാച്ചിറ) IF/359235	04/10/2018	17/03/2019	27,390/-	24,390/-
7.	അഗതി ആശ്രയ ഭവന പദ്ധതി (കൗസല്യാമ്മ,കണ്ണികാട്ടു) IF/359232	11/10/2018	29/03/2019	27,390/-	24,390/-
8.	തീറ്റപ്പുൽ കൃഷി (P1) DP/152830	17/01/2019	24/02/2019	1,34047/-	1,27118/-

9.	തീറ്റപ്പുൽ കൃഷി (P2) DP/152831	20/12/2018	21/02/2019	1,59574/-	1,58012/-
10.	തീറ്റപ്പുൽ കൃഷി (P3) DP/152838	03/01/2019	26/02/2019	1,34047/-	1,33080/-
11.	തീറ്റപ്പുൽ കൃഷി (P5) DP/152834	31/01/2019	14/03/2019	1,86278/-	1,59096/-
12.	കൃഷിവകുപ്പുമായി സംയോജിച്ചു ഗ്രൂപ്പ് കൃഷിക്കായി തരിശുനിലം കൃഷിയോഗ്യമാക്കൽ (P1) LD/326399	06/12/2018	18/02/2019	1,18348/-	1,14652/-
13.	കൃഷിവകുപ്പുമായി സംയോജിച്ചു ഗ്രൂപ്പ് കൃഷിക്കായി തരിശുനിലം കൃഷിയോഗ്യമാക്കൽ (P4) LD/334590	14/02/2019	29/03/2019	1,18347/-	90,262/-
14.	IHHL (ഗിനിത,വടക്കേ കൊച്ചുവേളി) RS/341344	03/01/2019	16/01/2019	12,000/-	12,000/-
15.	വാടപ്പുറം തോട് പുനരുദ്ധാരണംWH/287040	29/01/2019	25/02/2019	78,126/-	75,189/-
16.	അകലായി തോട് പുനരുദ്ധാരണം WH/287042	21/01/2019	14/03/2019	78,126/-	74,918/-
17.	ചോന്നപ്പള്ളി വെളുത്തേടത്തു ഗ്രാവൽ റോഡ് RC/276066	20/12/2018	27/12/2018	1,00570/-	97,913

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമം(2005) പ്രകാരം പഞ്ചായത്തുകളിൽ നിർബന്ധമായും 7 രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

1. തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ
2. ഗ്രാമസഭ സോഷ്യൽഓഡിറ്റ് മീറ്റിംഗ് രജിസ്റ്റർ
3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ
4. പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദശാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ
5. സ്ഥിര ആസ്തികളുടെ രജിസ്റ്റർ
6. പരാതി രജിസ്റ്റർ
7. സാധന രജിസ്റ്റർ

പഞ്ചായത്തിലെ 7 രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ കാര്യങ്ങൾ

1. തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ

- സെക്രട്ടറി സർട്ടിഫൈ ചെയ്ത കവർ പേജ് രജിസ്റ്ററിനു ഉണ്ടായിരുന്നു.
- പാർട്ട് എ,ബി,സി,ഡി എന്നീ ഫോർമാറ്റുകൾ എം.ഐ.എസിൽ നിന്നും പ്രിന്റ് എടുത്ത് സൂക്ഷിച്ചിരുന്നു.

2. ഗ്രാമസഭ സോഷ്യൽഓഡിറ്റ് മീറ്റിംഗ് രജിസ്റ്റർ

- രജിസ്റ്ററിൽ കവർ പേജ് ഉൾപ്പെടുത്തിയിരുന്നില്ല.
- സെക്രട്ടറി പേജുകൾ സാക്ഷ്യപെടുത്തിയിട്ടില്ല.
- ഈ സാമ്പത്തിക വർഷത്തിൽ നടന്ന 2 തൊഴിലാളി ഗ്രാമസഭയുടെ മിനുറ്റ്സ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
- സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മിനുറ്റ്സ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
- വ്യക്തിഗത ഗുണഭോക്താക്കളുടെ പേരുവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ

- കവർപേജ് ഉണ്ടായിരുന്നില്ല.
- എം.ഐ.എസ് പകർപ്പ് തുടങ്ങിയവ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരുന്നു

4. പ്രവർത്തിയുടെ ചിലവും വിശദശാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ

- കവർപേജ് ഉണ്ടായിരുന്നില്ല.
- എം.ഐ.എസ് പകർപ്പ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരുന്നില്ല

5. സ്ഥിര ആസ്തികളുടെ രജിസ്റ്റർ

- കവർപേജ് ഉണ്ടായിരുന്നില്ല.
- വാർഡുകളിലെ അസെറ്റുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്

6. പരാതി രജിസ്റ്റർ

- പരാതി രജിസ്റ്ററിൽ സെക്രട്ടറി സർട്ടിഫൈ ചെയ്ത കവർപേജ് ഉണ്ടായിരുന്നില്ല .

7. സാധന രജിസ്റ്റർ

- കവർപേജ് ഉൾപ്പെടുത്തിയിരുന്നില്ല.
- 2018 -2019 വർഷത്തെ രജിസ്റ്ററിൽ ആ വർഷം നടപ്പിലാക്കിയ മിക്ക പദ്ധതികളും കണ്ടെത്താൻ സാധിച്ചില്ല.
- 2019 -2020 ഇലെ രജിസ്റ്ററിലാണ് പ്രസ്തുത പ്രവർത്തികൾ കാണാൻ സാധിച്ചു.
- എം ഐ എസിൽ നിന്നും വിവരങ്ങൾ പ്രിന്റ് എടുത്തു സൂക്ഷിച്ചിട്ടുണ്ട്.

ഫയൽ പരിശോധനയിലെ കണ്ടെത്തലുകൾ

1.കവർപേജ്

AMC പ്രകാരമുള്ള കവർ പേജ്, പരിശോധിച്ച 17 ഫയലുകളിലും ഉണ്ടായിരുന്നു. .പദ്ധതിയുടെ പേര് MAHATMA GANDHI NATIONAL RURAL EMPLOYMENT GUARANTEE SCHEME എന്നതിന് പകരം MAHATMA GANDHI NATIONAL EMPLOYMENT GUARANTEE SCHEME എന്ന് കാണപ്പെട്ടു.ഈ പദ്ധതി ഗ്രാമപഞ്ചായത്തുകൾക് കീഴിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ മാത്രം നടക്കുന്നതിനാൽ RURAL എന്ന വാക്കിന് പ്രാധാന്യം ഉണ്ട്.

പ്രവർത്തിയുടെ പേര്, പ്രവർത്തി അംഗീകരിച്ച വർഷം, ലൊക്കേഷൻ, പദ്ധതി നിർവ്വഹണ ഏജൻസി, പ്രവർത്തി ആരംഭിച്ച തിയതി, ബ്ലോക്ക്, പഞ്ചായത്ത്,അസംബ്ലി നിയോജക മണ്ഡലം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.എസ്ടിമേറ്റ് തുക, ചിലവായ തുക, അവസാനിച്ച

തീയതി,Geo Tag,സാങ്കേതിക വിദഗ്ദ്ധന്റെ പേര്,കാറ്റഗറി, സോഷ്യൽ ഓഡിറ്റ് നടത്തിയ വിവരങ്ങള് തുടങ്ങിയ രേഖപ്പെടുത്തലുകൾ 17 ഫയലിലും ഉണ്ടായിരുന്നില്ല.

2.ചെക്ക് ലിസ്റ്റ്

17 ഫയലിലും പേജ് നമ്പർ രേഖപ്പെടുതാത്ത ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നു.

3. വാർഷിക കർമ്മ പദ്ധതി

ആക്ഷൻ പ്ലാനിൽ പദ്ധതിയുടെ പേര് ഉൾപ്പെടുന്ന പേജിന്റെ പകർപ്പ് എല്ലാ ഫയലിലും ഉണ്ടായിരുന്നു.

4. എസ്റ്റിമേറ്റ്

കവർ പേജ് ഉണ്ടായിരുന്നു. വിശദമായ എസ്റ്റിമേറ്റിൽ അക്രഡിറ്റഡ് എൻജിനിയർ ഒപ്പും തീയതിയും രേഖപ്പെടുത്തിയിരുന്നില്ല. Rate analysis, Abstact Estimate, lead and lift statement, material statement, labour abstract,Estimate report, drawing and design, survey data എന്നിവ ഒരു ഫയലിലും ഉണ്ടായിരുന്നില്ല. എസ്റ്റിമേറ്റ് ജനകീയ ഭാഷയിൽ ആയിരുന്നില്ല.പ്രവർത്തി എവിടെയൊക്കെ നടക്കുന്നുവെന്നുള്ള സർവെ നമ്പർ ഉൾപ്പടെയുള്ള വിവരങ്ങൾ ഫയലിൽ ഉണ്ടായിരുന്നു.

5.സാങ്കേതികാനുമതി

സാങ്കേതികാനുമതിയിൽ LSGD AE എന്നിവർ മിക്ക ഫയലിലും ഒപ്പുംസീലും രേഖപ്പെടുത്തിയിട്ടില്ല.

6. ഭരണാനുമതി

പഞ്ചായത്ത് കമ്മറ്റിയുടെ ഭരണാനുമതി, (സെക്രട്ടറിയുടെ ഒപ്പ്, സീൽ) ഫയലിൽ ഉൾപെടുതിയിട്ടില്ല. എന്നാൽ സെക്രട്ടറിയുടെ നടപടി ക്രമത്തിൽ ഭരണാനുമതി നമ്പറും തീയതിയും രേഖപെടുതിയിരുന്നു

7.സംയോജിത പദ്ധതിയുടെ വിവരങ്ങൾ

ചില ഫയലുകള് സംയോജിത പദ്ധതിയിൽ ഉൾപെട്ടതായിരുന്നു ഈ ഫയലുകളിൽ സംയോജിത പദ്ധതിയുടെ ഫോറം ഉണ്ടായിരുന്നു.

8. ഡിമാൻഡ് ഫോറം

അനുഛേദം A,B പ്രകാരമുള്ള ഡിമാന്റ് ഫോറം ഒരു ഫയലിലും ഉണ്ടായിരുന്നില്ല. ചില ഡിമാൻഡ് ഫോറങ്ങൾ ഗ്രൂപ്പായി നല്കിയിട്ടുള്ളതാണ്.വ്യക്തിഗത അപേക്ഷക്ക് ANNEXURE 3(A) എന്നും ഗ്രൂപ്പായി ഉള്ള അപേക്ഷക്ക് 3(B) എന്നും രേഖപ്പെടുത്തേണ്ടതാണ് എന്നാൽ അത് ഫയലിൽ കണ്ടെത്താൻ സാധിച്ചില്ല.ഗ്രൂപ്പായി തൊഴിൽ ആവശ്യപ്പെടുന്ന എഴുതി തയ്യാറാക്കിയ ഫോമിൽ തൊഴിലാളികളുടെ പേര് ,തൊഴിൽ കാർഡ് നമ്പർ ,ഒപ്പു എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്. തിയതി രേഖപ്പെടുത്തിയിരുന്നു. എന്നാൽ കൈപ്പറ്റ് രസീത് സൂക്ഷിചിരുന്നില്ല.

9. വർക്ക് അലോക്കേഷൻ ഫോറം.

അനുഛേദപ്രകാരമുള്ള വർക്ക് അലോക്കേഷൻ ഫോം ചില ഫയലുകളിൽ ഉണ്ടായിരുന്നില്ല.

10.E-Muster Roll

BDO ,പഞ്ചായത്ത് സെക്രട്ടറി എന്നിവർ തിയതിയില്ലാതെ ഒപ്പും സീലും രേഖപ്പെടുത്തിയിട്ടുണ്ട്.തൊഴിൽ ചെയ്ത തിയതി, ആകെ തൊഴിൽ ചെയ്ത ദിനങ്ങൾ, ആകെ വേതനം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.ദിവസം രണ്ട് പ്രാവശ്യം തൊഴിലാളികൾ ഹാജർ രേഖപ്പെടുത്തുന്നുണ്ട്. തൊഴിലുപകരണങ്ങളുടെ വാടക രേഖപ്പെടുത്തിയിരുന്നില്ല. M.Roll ൽ ഓവർസിയർ ഒപ്പ് രേഖപ്പെടുത്തിയിരുന്നില്ല.ചില ഫയലുകളിൽ മേറ്റും ഒപ്പ് രേഖപെടുതിയിരുന്നില്ല.

11.M- Book

പരിശോധിച്ച എല്ലാ ഫയലിലും M. Book ഉണ്ടായിരുന്നു.എല്ലാ ഫയലിലെയും എം ബുക്ക് സെക്രട്ടറി സെർടിഫയ് ചെയ്തിരുന്നു.എം ബുക്കിൽ AE, ഓവര്സീർ എന്നിവര് ഒപ്പും സീലും രേഖപെടുതിയിരുന്നു. എല്ലാ ഫയലിലും പഞ്ചായത്ത് സെക്രട്ടറി തുക പാസ്സാക്കിയിട്ടുണ്ട്.എസ്റ്റിമേറ്റ് തുകയും യഥാർത്ഥ ചിലവും തമ്മിലുള്ള വ്യത്യാസം ഒരു ഫയലിലും രേഖപ്പെടുത്തിയിട്ടില്ല.

12. മെറ്റീരിയൽവാങ്ങിയതുമായി ബന്ധപ്പെട്ട രേഖകൾ

പരിശോദിച്ച 17 ഫയലുകളിലും മെറ്റീരിയൽ വാങ്ങിയതുമായി ബന്ധപെട്ട രേഖകൾ ഉണ്ടായിരുന്നു.

13. വേജ് ലിസ്റ്റ്

മസ്റ്ററോൾ പ്രകാരമുള്ള വേജ് ലിസ്റ്റ് എല്ലാ ഫയലിലും ഉണ്ടായിരുന്നു.

14.FTO

വേജ് ലിസ്റ്റ് പ്രകാരമുള്ള FTO എല്ലാ ഫയലിലും ഉണ്ടായിരുന്നു.

15 .മെറ്റീരിയൽ വൗച്ചർ & ബിൽ

മെറ്റീരിയൽ ഇനത്തിൽ ബോർഡ്,ഗ്രവൽ,സിമന്റ് എന്നിവ വാങ്ങിയതിന്റെ ബില്ലുകൾ ഫയലില് ഉൾപ്പെടുത്തിയിരുന്നു.

16. റോയൽറ്റി

റോയൽറ്റി നൽകേണ്ട പ്രവർത്തി ഫയലുകൾ പരിശോധിച്ചിട്ടില്ല.

17.പ്രവർത്തിയുടെ മൂന്നു ഘട്ടങ്ങളിലെ ഫോട്ടോ

പ്രവർത്തിയുടെ മൂന്നു ഘട്ടങ്ങളിലെ ഫോട്ടോ ഒരു ഫയലുകളിലും ഉൾപെടുത്തിയിരുന്നില്ല.

18. പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം

പരിശോധിച്ച ഒരു ഫയലിലും പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം ഉണ്ടായിരുന്നില്ല.

19. മസ്റ്ററോൾ മൂവ്മെന്റ് സ്ലിപ്

മസ്റ്ററോൾ മൂവ്മെന്റ് സ്ലിപ്പിൽ പ്രവർത്തിയുടെ പേര്,ബ്ലോക്ക്, പഞ്ചായത്ത്, A.S നമ്പറും, തീയതിയും,T.S നമ്പറും തിയതി എന്നിവ രേഖപെടുത്തിയിരുന്നു. മസ്റ്ററോൾ നമ്പർ,തീയതി, മെഷർമെന്റ് തീയതി MIS ൽ upload ചെയ്ത തീയതി, തൊഴിൽ ദിനങ്ങൾ,സാധനവേതന ഘടകം തുടങ്ങിയവ രേഖപെടുതിയിരുന്നില്ല ജൂനിയർ സൂപ്രണ്ട്,പ്രസിഡന്റ് എന്നിവ സ്ലിപ്പിൽ ഒപ്പ് വെച്ചിട്ടുണ്ട്.സെക്രെട്ടറി ഒപ്പ് രേഖപെടുത്തിയിരുന്നില്ല.

20. ജിയോടാഗ് ഫോട്ടോഗ്രാഫ്

പരിശോധിച്ച ഒരു ഫയലിലും ഉണ്ടായിരുന്നില്ല.

21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ്

പരിശോധിച്ച ഒരു ഫയലിലും ഉണ്ടായിരുന്നില്ല.

22. സൈറ്റ് ഡയറി.

പരിശോധിച്ച ഒരു ഫയലിലും സൈറ്റ് ഡയറി ഉണ്ടായിരുന്നില്ല.

ഫീൽഡ് പരിശോധനയിലെ കണ്ടെത്തലുകൾ

1.വാടപ്പുറം തോട് പുനരുദ്ധാരണം (WH/287040)

എസ്റ്റിമേറ്റ് പ്രകാരം 78126 രൂപ അനുവദിച്ചിരുന്ന പദ്ധതിയിൽ 11 തൊഴിലാളികൾക്ക് 259 ദിവസത്തെ തൊഴിൽ ദിനങ്ങൾ ലഭിച്ചതായും .വേതന ഘടക ഇനത്തിൽ 70,189 രൂപയും മെറ്റി രീയൽ ഇനത്തിൽ display Board ന്റെ 5000 രൂപ ഉൾപ്പടെ 75 189 രൂപയും ലഭിച്ചതായി അറിയാൻ സാധിച്ചു.Display boad ലെ അക്ഷര പിശകു മൂലം തോടിനു പകരം റോഡ് എന്നാണ് രേഖപ്പെടുത്തിയിരുന്നത്. എസ്റ്റിമേറ്റ് തുക 78126/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 75189/- രൂപയും ആണ്.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 2937/- രൂപയാണ്.

2.തീറ്റപ്പുൽകൃഷി (Part 1) DP / 152830

എസ്റ്റിമേറ്റ് പ്രകാരം 134047 രൂപ അനുവദിച്ച പദ്ധതിയിൽ 15 തൊഴിലാളികളാണ് തൊഴിൽ ചെയ്യ്തത്. ഫീൽഡ് പരിശോധനയിൽ തൊഴിൽ കാർഡ് പരിശോധിച്ചപ്പോൾ 458 ദിവസത്തെ തൊഴിൽ ദിനങ്ങൾ ലഭിച്ചതായും വേതന ഘടക ഇനത്തിൽ 124118 രൂപയും സാധന ഘടക ഇനത്തിൽ display board ന് 3000 /- രൂപ ഉൾപ്പടെ 127 118 രൂപ വരെ ലഭിച്ചതായും അറിയാൻ സാധിച്ചു.തീറ്റപ്പുൽകൃഷി ഇപ്പോൾ വളരെ മെച്ചപ്പെട്ട രീതിയിൽ നടക്കുന്നതായി കാണാൻ കഴിഞ്ഞു എസ്റ്റിമേറ്റ് തുക 134047/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 127118/- രൂപയും ആണ്.
എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 6929/- രൂപയാണ്.

3. IHHL ഗിനിത വടക്കേ കൊച്ചു വെളി (Rs/341344)

എസ്റ്റിമേറ്റ് പ്രകാരം ഗുണഭോക്താവിന് 12000/- രൂപ അനുവദിച്ച പദ്ധതിയിൽ ആകെ 12 ദിവസത്തെ തൊഴിൽ ദിനങ്ങൾ ലഭിച്ചതായും വേതന ഘടക ഇനത്തിൽ 3252 രൂപയും സാധന ഘടക ഇനത്തിൽ 5000/- യു ടെ displag board ഉൾപ്പടെ 8748 രൂപയും അനുവദിച്ചതായി അറിയാൻ സാധിച്ചു. കൂടാതെ പണി പൂർത്തികരിച്ചതായി കാണാൻ കഴിഞ്ഞു.

.

4. കാലിത്തൊഴുത്ത് നിർമ്മാണം (ജഗദമ്മ ,ഗായത്രി ഭവനം) IF/365094

എസ്റ്റിമേറ്റ് പ്രകാരം 125759 രൂപ അനുവദിച്ചിരുന്ന പദ്ധതിയിൽ M Book പ്രകാരം 39 ദിവസത്തെ തൊഴിൽ ദിനങ്ങൾ ലഭിച്ചതായും വിദഗ്ദ്ധ, അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ വേതനം ഉൾപ്പടെ വേതന ഘടക ഇനത്തിൽ 35979 രൂപയും അനുവദിച്ചിരുന്നു.എന്നാൽ 85000/- രൂപ കിട്ടിയതായി അറിയാൻ സാധിച്ചു. ഗുണഭോക്താവിന്റെ തൊഴുത്ത് നിർമാണം പൂർത്തിയായതായി കാണാൻ സാധിച്ചു. എസ്റ്റിമേറ്റ് തുക 125759/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 123752/- രൂപയും ആണ്.

എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 2007/- രൂപയാണ്.

5. തീറ്റപ്പുൽകൃഷി (Part -3) Dp/152838

എസ്റ്റിമേറ്റ് പ്രകാരം 134047 രൂപ അനുവദിച്ച പദ്ധതിയിൽ 15 തൊഴിലാളികൾ ആകെ 480 ദിവസത്തെ തൊഴിൽ ചെയ്തതായി മനസ്സിലാക്കാൻ കഴിഞ്ഞു.ഫീൽഡ് പരിശോധനയിൽ തൊഴിൽ കാർഡ് പരിശോധിക്കുകയും അവർക്ക് ലഭിച്ച തൊഴിലിനെക്കുറിച്ചുള്ള വിവരങ്ങൾ മനസ്സിലാക്കുകയും മഴ കാരണം തീറ്റപ്പുൽ നശിച്ചുപോയതായും പിന്നീട് അതേ സ്ഥാനത്ത് പുതിയവ വെച്ചുപിടിപ്പിച്ചതായും കാണാൻ സാധിച്ചു.ഡിസ്‌പ്ലേ ബോര്ഡിന് 3000 രൂപ അനുവദിച്ചിരുന്നു.എന്നാൽ ഇത് പ്രവർത്തി സ്ഥലത്തു ഡിസ്‌പ്ലേ ബോർഡ് സ്ഥാപിച്ചിരുന്നില്ല. എസ്റ്റിമേറ്റ് തുക 134047/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 133080/- രൂപയും ആണ്
.എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 967/- രൂപയാണ്.

6. ലൈഫ് ഭവനപദ്ധതി (ചെല്ലമ്മ വിജയൻ ,പടിയത്തുചിറ)IF/365592

ലൈഫ് ഭവനപദ്ധതി ഗുണഭോക്താവിന് എസ്റ്റിമേറ്റ് പ്രകാരം 27390 രൂപ അനുവദിച്ചിരുന്നു.ഫീൽഡ് പരിശോധിച്ചപ്പോൾ ഗുണഭോക്താവിന് 90 ദിവസത്തെ തൊഴിൽ ദിനങ്ങൾ ലഭിച്ചതായും വേതനഘടക ഇനത്തിൽ 24390 രൂപയും ലഭിച്ചതായി മനസിലാക്കാൻ കഴിഞ്ഞു. എസ്റ്റിമേറ്റ് തുക 27390/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 24390/- രൂപയും ആണ്.
എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 3000/- രൂപയാണ്.

7. കാലിത്തൊഴുത്ത് (ഷിനിഷ്, ചിറയിൽ)IF/367915

കാലിത്തൊഴത്ത് നിർമ്മാണത്തിൽ ഗുണഭോക്താവിന് എസ്റ്റിമേറ്റ് പ്രകാരം 12,9247 രൂപയാണ് അനുവദിച്ചിരുന്നത്. അതിൻ പ്രകാരം ഗുണഭോക്താവിന്റെ തൊഴിൽ കാർഡ് പരിശോധിച്ചതിൻ നിന്നും 39 ദിവസത്തെ തൊഴിൽ ദിനങ്ങൾ ലഭിച്ചതായും അതിന്റെ വേതന ഇനത്തിൽ ഗുണഭോക്താവിന് 10569 രൂപയും വിദഗ്ദ്ധതൊഴിലാളിക്ക് 6621 രൂപയും അർദ്ധവിദഗ്ധ തൊഴിലാളിക്ക് 18890 രൂപയും അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ തുക പൂർണമായും വിദഗ്ധ

അർദ്ധവിദഗ്ധ തൊഴിലാളികൾക്കു ലഭിച്ചിട്ടില്ല.മെറ്റീരിയൽ രജിസ്റ്റർ (ബില് നമ്പർ-0024) പ്രകാരം 91264 രൂപ 27/03/2019 ഇൽ നൽകിയതായി കൊടുത്തിട്ടുണ്ട്.എന്നാൽ തൊഴിലാളിക്ക് തുക ലഭിച്ചിട്ടില്ല എന്നാണ് അവർ അഭിപ്രായപ്പെട്ടത്. ഗുണഭോക്താവിന്റെ കാലിത്തൊഴുത്ത് നിർമ്മാണം പൂർത്തിയായതായി കാണാൻ കഴിഞ്ഞു. എസ്റ്റിമേറ്റ് തുക 129247/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 127344/- രൂപയും ആണ്.
എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 1903/- രൂപയാണ്.

8. ലൈഫ് ഭവന പദ്ധതി (പ്രിയമ്മ, അറുകുലപ്പറമ്പ്) IF/354529

എസ്റ്റിമേറ്റ് പ്രകാരം 27390 രൂപ അനുവദിച്ചിട്ടുള്ള പദ്ധതിയിൽ ഗുണഭോക്താവിന് 90 ദിവസത്തെ തൊഴിൽ ദിനങ്ങൾ ലഭിച്ചതായും വേതന ഘടക ഇനത്തിൽ 24390 രൂപയും ലഭിച്ചിട്ടുണ്ട് എന്നറിയാൻ സാധിച്ചു.ഗുണഭോക്താവിന്റെ വീട് പണി പൂർത്തിയായതായും കാണാൻ സാധിച്ചു. എസ്റ്റിമേറ്റ് തുക 27390/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 24390/- രൂപയും ആണ്.
എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 3000/- രൂപയാണ്.

9.ചോന്നപ്പള്ളി വെള്ളുത്തേടത്ത് ഗ്രാവൽ റോഡ് (RC/276066)

എസ്റ്റിമേറ്റ് പ്രകാരം 100570 രൂപ അനുവദിച്ചിരുന്ന പദ്ധതിയിൽ 10 തൊഴിലാളികളാണ് തൊഴിൽ ചെയ്തത് ആകെ 74 ദിവസത്തെ തൊഴിൽ ദിനങ്ങൾ ലഭിച്ചതായും അതിന്റെ വേതനഘടക ഇനത്തിൽ 20054 രൂപ ലഭിച്ചതായും മനസ്സിലാക്കി വേതന ഇനത്തിലും മെറ്റീരിയൻ ഇനത്തിലും ഡിസ്പ്ലേ ബോർഡ് ഉൾപ്പടെ 97913 രൂപ ലഭിച്ചതായി അറിയാൻ സാധിച്ചു. MBOOK പ്രകാരമുള്ള റോഡിന്റെ അളവുകൾ കൃത്യമായിരുന്നു. എസ്റ്റിമേറ്റ് തുക 100570/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 97913/- രൂപയും ആണ്.
എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 2657/- രൂപയാണ്.

10. തീറ്റപ്പുൽകൃഷി (part - 5) Dp/152834

ഫീൽഡ് പരിശോധനയിൽ 18 തൊഴിലാളികൾക്കാണ് തൊഴിൽ ലഭിച്ചതെന്ന് അറിയാൻ സാധിച്ചു. വേതന ഇനത്തിൽ 183467 രൂപ

ലഭിച്ചതായും പരിശോധനയിൽ മനസിലാക്കാൻ സാധിച്ചു. തീറ്റപ്പുൽകൃഷി വളരെ നന്നായി നടക്കുന്നുണ്ട് എന്ന് മനസിലാക്കാൻ സാധിച്ചു. തൊഴിലാളികൾക്ക് തൊഴിലുപകരണങ്ങളുടെ വാടക ലഭിക്കുന്നില്ലെന്ന പരാതിയും ഇതോടൊപ്പം മനസിലാക്കാൻ കഴിഞ്ഞു. എസ്റ്റിമേറ്റ് തുക 186278/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 159096/- രൂപയും ആണ്.
എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 27182/- രൂപയാണ്.

11. കൃഷി വകുപ്പുമായി സംയോജിപ്പിച്ച് ഗ്രൂപ്പു കൃഷിക്കായി തരിശുനിലം കൃഷിയോഗ്യമാക്കൽ (PART- 1) ED/326399

എസ്റ്റിമേറ്റ് പ്രകാരം 118348 രൂപ അനുവദിച്ച പദ്ധതിയിൽ 10 തൊഴിലാളിൾക്ക് 412 ദിവസത്തെ തൊഴിൽ ദിനങ്ങൾ ലഭിച്ചതായി മനസ്സിലാക്കാൻ സാധിച്ചു. M Book പ്രകാരം displayboard ന് 3000 രൂപ അനുവദിച്ചിരുന്നു എങ്കിലും board സൈറ്റിൽ സ്ഥാപിച്ചിരുന്നില്ല. പരിശോധനയിൽ സൈറ്റിൽ തെങ്ങിൻ തൈ, വാഴ, ചേമ്പ് മുതലായവ കാണാൻ കഴിഞ്ഞു. എസ്റ്റിമേറ്റ് തുക 118348/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 114652/- രൂപയും ആണ്.
എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 3696/- രൂപയാണ്.

12. തീറ്റപ്പുൽകൃഷി (PART- 2) Dp/152831

എസ്റ്റിമേറ്റ് പ്രകാരം 159574 രൂപ അനുവദിച്ചിരുന്ന പദ്ധതിയിൽ ആകെ 12 തൊഴിലാളികൾക്ക് 572 ദിവസത്തെ തൊഴിൽ ദിനങ്ങൾ ലഭ്യമായതായും ഇവരുടെ വേതന ഇനത്തിൽ 155012 രൂപയാണ് FT O പ്രകാരം നൽകിയിട്ടുള്ളതെന്ന് അറിയാൻ സാധിച്ചു. എന്നാൽ MBook ൽ ഇത് 153386 രൂപ എന്നാണ് കാണിച്ചിട്ടുള്ളത്.Display board ന് 3000 രൂപ നൽകിയിട്ടുണ്ട്.എന്നാൽ സൈറ്റിൽ ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചിട്ടില്ല. മെറ്റീരിയൽ രജിസ്റ്റർ പ്രകാരം 05/9/2019 ന്(Bill No-407) 3000/- രൂപ നൽകിയതായി കാണുന്നുണ്ട് .ഫൈനൽ ബില്ലിൽ 156386 രൂപരേഖപ്പെടുത്തിയിട്ടുളതായും കാണാൻ കഴിഞ്ഞു. എസ്റ്റിമേറ്റ് തുകയും ചില വായ തുകയും തമ്മിലുള്ള വ്യത്യാസം 1562 രൂപയാണ്. പരിശോധനയിൽ തീറ്റപ്പുൽകൃഷി നന്നായി നടക്കുന്നതായി കാണാൻ സാധിച്ചു. എസ്റ്റിമേറ്റ് തുക 159574/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 158012/- രൂപയും ആണ്.

എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 1562/- രൂപയാണ്.

13. അഗതി ആശ്രയ ഭവന പദ്ധതി (കൗസല്ല്യാമ്മ, കണ്ണികാട്ട്) IF/359232

ഗുണഭോക്താവിന് ആകെ 90 ദിവസത്തെ തൊഴിൽ ദിനങ്ങൾ ലഭിച്ചതായും അതിന്റെ വേതന ഘടക ഇനത്തിൽ 24390 രൂപയും ലഭിച്ചതായി പരിശോധനയിൽ മനസ്സിലാക്കാൻ കഴിഞ്ഞു. ഗുണഭോക്താവിന്റെ വീടിന്റെ പണി പൂർത്തിയായതായും കാണാൻ കഴിഞ്ഞു. എസ്റ്റിമേറ്റ് തുക 27390/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 24390/- രൂപയും ആണ്.
എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 3000/- രൂപയാണ്.

14 . അകലായി തോട് പുനരുദ്ധാരണം WH/287042

അകലായി തോട് പുനരുദ്ധാരണം നല്ല രീതിയിൽ ചെയ്തതായി കാണാൻ കഴിഞ്ഞു. തോട് വെട്ടി ആഴം കൂട്ടിയിട്ടുണ്ട്.വശങ്ങളിൽ മാതളം ,തീറ്റപ്പുല്ല്, കൊക്കോ മുതലായവ വെച്ചുപിടിപ്പിച്ചതായി കാണാൻ കഴിഞ്ഞു. തോടിന്റെ ഭാഗമായുള്ള ഡിസ്പ്ലേ ബോർഡ് കാണാൻ സാധിച്ചു. എസ്റ്റിമേറ്റ് തുക 78126/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 74918/- രൂപയും ആണ്.
എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 3208/- രൂപയാണ്.

15. ലൈഫ് ഭവന പദ്ധതി (പുഷ്പവല്ലി ,പഴുക്കാച്ചിറ) IF/359235

ഫീൽഡ് പരിശോധനയിൽ ഗുണഭോക്താവിന് 90 ദിവസത്തെ തൊഴിൽ ദിനങ്ങൾ ലഭ്യമായതായും അതിന്റെ വേതന ഘടക ഇനത്തിൽ 24390 രൂപ ലഭിച്ചിട്ടുണ്ടെന്നും മനസ്സിലാക്കാൻ സാധിച്ചു. ഗുണഭോക്താവിന്റെ വീടുപണി പൂർത്തിയായതായും കാണാൻ കഴിഞ്ഞു. എസ്റ്റിമേറ്റ് തുക 27390/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 24390/- രൂപയും ആണ്.
എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 3000/- രൂപയാണ്.

16. ഗ്രൂപ്പുകൃഷിക്കായി തരിശുനിലം കൃഷിയോഗ്യമാക്കാൽ PART- 4 (LD/334590)

ഫീൽഡ് പരിശോധനയിൽ ആകെ 10 തൊഴിലാളികൾക്ക് 372 ദിവസത്തെ തൊഴിൽ ദിനങ്ങൾ ലഭിച്ചതായി അറിയാൻ സാധിച്ചു.ചേമ്പ്, ചേന, പയർ, ചീര, പടവലം, തുടങ്ങിയവയാണ് കൃഷി ചെയ്തിരുന്നത് . ഒരു തവണ വിളവ് എടുത്തിരുന്നതായും മഴ കാരണം കൃഷി തുടരാൻ സാധിച്ചില്ല എന്നും അറിയാൻ സാധിച്ചു. എസ്റ്റിമേറ്റിലും എം ബുക്കിലും ഡിസ്പ്ലേ ബോർഡിന് ചാർജ് ഈടാക്കി എങ്കിലും ബോർഡ് സൈറ്റിൽ കാണാൻ സാധിച്ചില്ല. മെറ്റീരിയൽ രജിസ്റ്ററിൽ ഡിസ്പ്ലേ ബോർഡിന് 3000 രൂപ (ബില് നമ്പർ -൫൪൫,തീയതി -06 /09 /2019) നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് തുക 118347/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 90262/- രൂപയും ആണ്.
എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 28085/- രൂപയാണ്.

17. കാലിത്തൊഴുത്തു നിർമ്മാണം (യമുന എസ്. പിള്ള) IF/367257

ഗുണഭോക്താവിന് 39 ദിവസത്തെ തൊഴിൽ ദിനങ്ങൾ ലഭ്യമായ തായും വേതന ഇനത്തിൽ 10569 വേതനവും ഉൾപ്പെടെ 127344 രൂപ അനുവദിച്ചിരുന്നെങ്കിലും ഇതുവരെ ലഭിച്ചിട്ടില്ല. മെറ്റീരിയൽ ഇനത്തിൽ കിട്ടാനുള്ള തുക ലഭിക്കാത്തതിനാൽ പഞ്ചായത്തിൽ ചെന്ന് വിവരാവകാശത്തിന് പരാതി നൽകുമെന്ന് പറഞ്ഞ ശേഷമാണ് തുക ലഭിച്ചതെന്ന് ഗുണഭോക്താവിൽ നിന്ന് അറിയാൻ സാധിച്ചു. ബാക്കിയുള്ള തുക മാർച്ചിനുള്ളിൽ ലഭിക്കുമെന്ന് അറിയിച്ചതായും മനസ്സിലാക്കാൻ കഴിഞ്ഞു. ഗുണഭോക്താവിന്റെ തൊഴുത്തു നിർമ്മാണം പൂർത്തിയായതായും അറിയാൻ സാധിച്ചു. എസ്റ്റിമേറ്റ് തുക 129247/- രൂപയും എം ബുക്ക് പ്രകാരം നൽകിയിട്ടുള്ള തുക 127344/- രൂപയും ആണ്.
എസ്റ്റിമേറ്റും എകസ്പെൻഡിചറും തമ്മിലുള്ള വ്യത്യാസം 1903/- രൂപയാണ്.

അവകാശനിഷേധങ്ങൾ

തൊഴിലുറപ്പ് നിയമ പ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ട തൊഴിലിട സൌകര്യങ്ങളായ തണൽ, പ്രഥമ ശുശ്രൂഷ കിറ്റ്, കുടിവെള്ളം എന്നിവ തൊഴിലിടങ്ങളിൽ കാണാൻ കഴിഞ്ഞില്ല. തൊഴിലാളികൾ സ്വന്തം നിലയിൽ പിരിവ് എടുത്ത് ഇത്തരം സൌകര്യങ്ങൾ ഉറപ്പാക്കുന്നു. പണിയായുധങ്ങളുടെ വാടക തൊഴിലാളികൾക്ക് വർഷങ്ങളായി ലഭിക്കുന്നില്ല. തൊഴിൽ ആവശ്യപ്പെട്ടതിനുള്ള രസീത് ഒരു ഫയലിലും കാണാൻ കഴിഞ്ഞില്ല. പ്രവർത്തി സ്ഥലത്തുവച്ച് അപകടങ്ങൾ ഉണ്ടായാൽ അതിന്റെ ചികിത്സാചെലവ് (എത്ര രൂപയായാലും,ഏതു തരത്തിലുള്ള ആശുപത്രിയായാലും) പദ്ധതി നിർവഹണ ഏജൻസി നൽകണം എന്നുള്ളതാണ് നിയമം.എന്നാൽ ഈ തുക ലഭിക്കാറില്ല എന്നാണ് തൊഴിലാളികൾ അഭിപ്രായപ്പെട്ടത്.

നിരീക്ഷണങ്ങളും കണ്ടെത്തലുകളും

ജോബ് കാർഡിൽ തൊഴിലാളികൾ ജോലി ചെയ്തതും വേതനം ലഭിച്ചതുമായ വിവരങ്ങൾ പലയിടങ്ങളിലും രേഖപ്പെടുത്തിയിട്ടില്ല. പാസ് ബുക്ക് കൃത്യമായി പതിപ്പിച്ചിട്ടില്ല. പല പ്രവർത്തിസ്ഥലത്തും സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിര്ന്നില്ല.

തോട് ആഴം കൂട്ടൽ ,റോഡ് നിർമാണം ,നടപ്പാത നിർമാണം , ക്ഷീരകര്ഷകര്ക്കായി തീറ്റപുല്ല് കൃഷി ,കാലി തൊഴുത്തുനിർമാണം തുടങ്ങിയ വ്യത്യസ്തമായ പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിച്ചിട്ടുണ്ട്.

തൊഴിലാളികൾ സ്വന്തം കൈയ്യിൽ നിന്നും പണം പിരിച്ചാണ് വിത്തുകളും വളവും വാങ്ങിയത് ,മാസ്ട്രോള് ഇല്ലാതെ തൊഴിലാഴികളെ കൊണ്ട് ശുചികരണ പ്രവർത്തനങ്ങൾ നടത്താറുണ്ട്.മാസ്ട്രോള് ഇല്ലാത്ത പ്രവർത്തനങ്ങളിൽ ഏർപ്പെടാത്ത തൊഴിലാളികൾക്കു പിന്നീട് തോഴി അനുവദിക്കില്ല എന്ന നയമാണ് അധികൃതർക്കുള്ളത്.ഇതിനെ പറ്റി തൊഴിലാളികൾ പരാതി ഉന്നയിച്ചിരുന്നു.

ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

- നവീകരിക്കാത്ത തോടുകളുടെ നവീകരണം
- കടലോരപ്രദേശങ്ങളിൽ കണ്ടൽകാട് വച്ചുപിടിപ്പിക്കൽ
- കളിസ്ഥല നിർമാണം
- തെങ്ങിന് തടം തുറക്കൽ
- ഇന്റർലോക്ക് ടൈൽ റോഡ് നിർമാണം
- തോടിന്റെ വശങ്ങളിൽ തീറ്റപ്പുല്ല് ,രാമച്ചം എന്നിവയ്ക്കു പകരം കണ്ടൽകാട് വച്ച് പിടിപ്പിക്കൽ
- ഫാം പോണ്ട് നിർമാണം

<u>സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മിനുട്സ്</u>

സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 13/11/2019 10. 30 മുതൽ കൊല്ലാട്ട് മോഹനന്റെ വസതിയിൽ വെച്ച് നടന്നു. ഗ്രാമസഭയ്ക്ക് തൊഴിലാളിയായ ശ്രീമതി തങ്കമണി അധ്യക്ഷത വഹിച്ചു. ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് വാർഡ് മെമ്പർ ശ്രീ ശശിധരൻ സ്വാഗതം ആശംസിച്ചു. ഓവർസിയർ, വാർഡ് മെമ്പർ, മേറ്റുമാർ, BRP സീന കെ .ആർ, VRP മാർ, തൊഴിലാളികൾ തുടങ്ങി 105 പേർ പങ്കെടുത്തു.

1/10/2018മുതൽ 30/3/2019വരെ പൂർത്തീകരിച്ച 17 പ്രവർത്തികളും ഫയൽ പരിശോധന,ഫീൽഡ് പരിശോധന തുടങ്ങിയ പ്രവർത്തികൾ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയത്. തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കുന്ന സോഷ്യൽ ഓഡിറ്റിന്റെ പ്രസക്തിയെകുറിച്ചും തൊഴിലുറപ്പ് നിയമ പ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ട 10 അവകാശങ്ങളെ കുറിച്ചും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തികളുടെ ഫയൽ, ഫീൽഡ് പരിശോധനയിലെ കണ്ടെത്തലുകളും, റിസോഴ്സ് പേഴ്സൺമാർ ഗ്രാമസഭയിൽ അവതരിപ്പിച്ചു.

എസ്റ്റിമേറ്റ്,എം ബുക്ക് പ്രകാരമുള്ള പ്രവർത്തികളിൽ ഫീൽഡ് പ്രവർത്തികളിലുള്ള വ്യത്യാസം ചുണ്ടികാണിക്കുന്നതോടൊപ്പം ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കുന്നതിലുണ്ടായ പാകപിഴകളെ കുറിച്ചും ഭരണാനുമതിയുടെ കോപ്പി ഫയലിൽ സൂക്ഷകണമെന്നും നിർദ്ദേശിച്ചു. തുടർന്ന് ഫയലിലും ഫീൽഡിലും ആയി കണ്ടെത്തിയ വസ്തുതകൾ ഗ്രാമസഭയിൽ വിശദമായി ചർച്ച ചെയ്തു.

പൊതുചർച്ചയിൽ പങ്കെടുത്ത തൊഴിലാളികൾ

1) കാലിത്തൊഴുത്ത് നിർമാണം
ഷിനീസ്,ചിറയിൽ: ഫീൽഡ് പരിശോധന സമയത്ത് തുക വന്നിട്ടില്ല എന്നാണ് പറഞ്ഞത്.പിന്നീട് അക്കൗണ്ട് പരിശോധിച്ചപ്പോഴാണ് മെറ്റീരിയൽ 39 ദിവസത്തെ വേതനവും ലഭിച്ചു എന്ന് മനസിലാക്കിയത്. ഡിസ്പ്ലേ ബോർഡ് ഉണ്ടായിരുന്നു.

2)വാടപുറം തോട് പുനരുദ്ധാരണം
ചന്ദ്രമതി : 24 ദിവസത്തെ പണി ലഭിച്ചിരുന്നു.ഡിസ്പ്ലേ ബോർഡ് ഉണ്ടായിരുന്നു.പിന്നീട് സ്ഥലം ഉടമയുടെ പരാതിയെ തുടർന്ന് ഡിസ്പ്ലേ ബോർഡ് മാറ്റിവെക്കേണ്ടി വന്നു.തോടിനു പകരം റോഡ് എന്നാണ് ഡിസ്പ്ലേ ബോർഡിൽ രേഖപ്പെടുത്തിയിരുന്നത്.

3)തീറ്റപ്പുൽ കൃഷി (p1)
15 തോഴിലാളികൾ തൊഴിൽ ചെയ്തിരുന്നു.തൊഴിൽ ചെയ്ത വേതനം ലഭിച്ചിരുന്നു. പ്രസ്തുത സ്ഥാനത്ത് ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചിരുന്നു.

4)കാലിത്തൊഴുത്ത് നിർമാണം
ജഗധമ്മ ,ഗായാത്രിഭവനം:39 ദിവസത്തെ തൊഴിലും അതിന്റെ വേതനവും ലഭിച്ചിട്ടുണ്ട്. എന്നാൽ മെറ്റീരിയൽ തുക ലഭിച്ചിട്ടില്ല.നിലവിൽ 85000 രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്.

5)തീറ്റപ്പുൽ കൃഷി (p3)
സതി : താഴ്ന്ന പ്രദേശമായതിനാൽ വെള്ളം കയറിയതു മൂലം തീറ്റപ്പുൽ നശിച്ചുപോയി. ഡിസ്പ്ലേ ബോർഡ് പ്രവർത്തി സ്ഥലത്തു സ്ഥാപിച്ചിരുന്നില്ല.എന്നാൽ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടന്ന സ്ഥലത്താണ് ഡിസ്പ്ലേ ബോർഡ് കാണാൻ സാധിച്ചത്.

തൊഴിലാളികളുടെ ആവശ്യങ്ങൾ

1) ചന്ദ്രമതി: പണിചെയ്ത സ്ഥലങ്ങൾ വീണ്ടും തൊഴിലിനായി നൽകില്ല എന്ന് പറയുന്നു അങ്ങനെ ആണെങ്കിൽ വ്യക്തിഗത ഭൂമികൾ തൊഴിലിനായി ഏറ്റെടുക്കാമോ?
2) ഷീജ : തൊഴിൽ മേഖലയിൽ കയർ മേഖല കൂടി ഉൾപ്പെടുത്തണം.
3) ആയുധ വാടക ഉൾപെടുത്തണം
4) പുഷ്പ : എസ്റ്റിമേറ്റിൽ കുടിവെള്ളം, മരുന്ന്, ആയുധവാടക എന്നിവ ഉൾപ്പെടുത്തണം, 3 വർഷം നിലനിൽക്കുന്ന പണികൾ ഒഴിവാക്കണം.3 വർഷം എന്നുള്ളത് ചുരുക്കി 2 വർഷം ആക്കണം.
5) ഷീജ : വേതനം കൂട്ടി നൽകണം.
6) ചന്ദ്രമതി: ചാണകപ്പൊടിയും മറ്റും വാങ്ങുന്ന തുക ലഭ്യമാക്കണം. തൊഴിലിന്റെ കൂലി വേഗം ലഭ്യമാക്കാനുള്ള സംവിധാനം നൽകണം.

മറുപടി

നീലിമ (ഓവർസീർ)
1)ഒരിക്കൽ പ്രവർത്തിനടന്ന സ്ഥലം വീണ്ടും പദ്ധതിക്കായി വിട്ടുനൽകാൻ സാധ്യമല്ല.ആയതിനാൽ 3 വർഷം നീണ്ടു നിൽക്കുന്ന നേഴ്സറി പോലുള്ള പ്രവർത്തികൾക്കായി വ്യക്തിഗത ഭൂമി ഏറ്റെടുക്കാം
2) കയർ മേഖലയെ തൊഴിലുറപ്പിൽ ഉൾപ്പെടുത്തുന്ന കാര്യം ക്രമേണ പരിഗണിക്കാം
3)ആയുധ വാടക,ഫസ്റ്റ് എയ്ഡ് ,കുടിവെള്ളം തുടങ്ങിയവ എപ്പോൾ എസ്റ്റിമേറ്റിൽ ഉൾ പ്പെടുത്താറില്ല.ആവശ്യപ്പെടുന്ന പ്രകാരം ഇവ പദ്ധതികളിൽ ഉൾ പ്പെടുത്തി നൽകാം.
4) 3 വർഷക്കാലം നീണ്ടുനിൽകുന്ന പദ്ധതികൾ ഏറ്റെടുക്കണം എന്നതാണ് പുതിയ നിർദ്ദേശം.3 വർഷകാലത്തെക്കു ഭൂമി വിട്ടു നൽകാൻ തായറാകുന്നവരെ കണ്ടെത്താനും പദ്ധതികൾ ആസൂത്രണം ചെയ്ത് അറിയിക്കാനും തൊഴിലാളികൾ ശ്രമിക്കണം.
5)വേതന വർദ്ധനവിന്റെ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്താൻ വേണ്ടുന്നത് ചെയ്യാം.

6)വൃക്ഷ തൈ നടിൽ, നേഴ്സറി പ്രവർത്തികളിൽ എസ്റ്റിമേറ്റിൽ വളത്തിനുള്ള .തുക ഉൾപ്പെടുത്തി ഇനി മുതൽ ഇവാ നൽകാൻ ശ്രെമിക്കാം.
7)പണി തടസം ഇല്ലാതെ ലഭ്യമാക്കാൻ സ്രെമിക്കാറുണ്ട്.തൊഴിലാളികൾ ചെയ്യനാവുന്ന പ്രവർത്തികൾ കണ്ടെത്തി അറിയിക്കുകകൂടി ചെയ്താൽ .തൊഴിൽ ലഭ്യമാക്കുന്നതിനുള്ള തടസം പരിഹരിക്കനാവുന്നതാണ്.

8)തൊഴിൽ വേതനം കാലതാമസം കൂടാതെ ലഭ്യമാക്കുന്ന കാര്യത്തിൽ .പഞ്ചായത്തിന് പരിമിതികൾ ഉണ്ട് .ബന്ധപ്പെട്ട രേഖകൾ ഓരോ പണിക്കു ശേഷവും കൃത്യമായി .പഞ്ചായത്തിൽ നിന്നും അയക്കാറുണ് കേന്ദ്രഫണ്ടിൽ വരുന്ന പോരായമംയാണ് വേതനം താമസിക്കാൻ കാരണം.

തീരുമാനങ്ങൾ

1) 3 വർഷക്കാലം നീണ്ടു നിൽക്കുന്ന പ്രവർത്തികൾ ഏറ്റെടുക്കുന്നതിനായി പുതിയ സ്ഥല ഉടമകളെ കണ്ടെത്താൻ തീരുമാനിച്ചു.

2)തൊഴിലാളികൾ തൊഴിൽ തടസം ഉണ്ടാകാത്ത രീതിയിൽ കൂടുതൽ പ്രവർത്തികൾ കണ്ടെത്താൻ തീരുമാനിച്ചു .

3)ഫയലിലെ രേഖകളിൽ ഉണ്ടായിട്ടുള്ള അപാകതകൾ പരിഹരിച്ച് കാലങ്ങളിൽ കൂടുതൽ കാര്യക്ഷേമാക്കാൻ തീരുമാനിച്ചു .
4)വൃക്ഷ തൈ നടിൽ പോലെ ഉള്ള പ്രവർത്തികളിൽ എസ്റ്റിമേറ്റ് പ്രകാരം വളത്തിന്റെ തുക തൊഴിലാളികൾക്കു ലഭ്യമാക്കാൻ തീരുമാനിച്ചു .
5)തൊഴിലിട സൗകര്യങ്ങൾ ആയ കുടിവെള്ളം,തണൽ, ഫസ്റ്റ് എയ്ഡ് മുതലായവ ഉറപ്പാക്കാൻ തീരുമാനിച്ചു .
6)ഡിസ്പ്ലേ ബോർഡുകൾ തൊഴിലിടങ്ങളിൽ സ്ഥാപിച്ചിട്ടുണ്ടെന്നു മേറ്റ് ,ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ ഉറപ്പുവരുത്താൻ തീരുമാനിച്ചു .

ഓഡിറ്റ് റിപ്പോർട്ട് അവതരണത്തിലും നടപടികൾക്കും ശേഷം റിപ്പോർട്ട് തൊഴിലാളികൾ അംഗീകരിക്കുകയും സതി എന്ന തൊഴിലാളി കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്തു.തുടർന്ന് 1:15 ഓടെ യോഗം അവസാനിച്ചു.

BRP :- സീന കെ ആർ

VRPs :- വ്യാസൻ എന് എല്അനുപമ ,വി ആതിര എസ് ,അശ്വതി ടി എസ് , അശ്വതി എസ് ,ശ്രുതി എസ് ,ഗ്രീഷ്മ ജി മോൾ ,ആർ